## ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2026 (Solid Waste Management Rules, 2026) ന്റെ സംഗ്രഹം (മലയാളത്തിൽ) ചുവടെ ചേർക്കുന്നു:

### <u>ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026</u>

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2016-ലെ ചട്ടങ്ങൾക്ക് പകരമായി **ഖരമാലിന്യ പരിപാലന (SWM) ചട്ടങ്ങൾ, 2026** പുറപ്പെടുവിച്ചു. പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 പ്രകാരം വിജ്ഞാപനം ചെയ്ത ഈ ചട്ടങ്ങൾ **2026 ഏപ്രിൽ 1** മുതൽ പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നു.

സർക്കുലർ ഇക്കോണമി (Circular Economy) അടിസ്ഥാനമാക്കിയുള്ള ഈ ചട്ടങ്ങൾ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിനും കാര്യക്ഷമമായി സംസ്കരിക്കുന്നതിനും മുൻഗണന നൽകുന്നു.

### <u>പ്രധാന സവിശേഷതകൾ</u>

### I. ഉറവിടത്തിൽ നാല് തരത്തിലുള്ള തരംതിരിക്കൽ

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ താഴെ പറയുന്ന നാല് വിഭാഗങ്ങളായി തരംതിരിച്ച് സൂക്ഷിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്:

- **ജൈവ മാലിന്യം (Wet Waste):** അടുക്കള മാലിന്യം, പച്ചക്കറികൾ, പഴങ്ങൾ, മാംസം, പൂക്കൾ തുടങ്ങിയവ. ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് ചെയ്യുകയോ അല്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന അംഗീകൃത മാലിന്യ ശേഖരണക്കാർക്കോ / ഏജൻസിക്കോ കൈമാറേണ്ടതുമാണ്.
- **അജൈവ മാലിന്യം (Dry Waste):** പ്ലാസ്റ്റിക്, പേപ്പർ, ലോഹം, ഗ്ലാസ്, മരം, റബ്ബർ തുടങ്ങിയവ തദ്ദേശ സ്വയം ഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന അംഗീകൃത മാലിന്യ ശേഖരണക്കാർ / ഏജൻസി വഴി കൈമാറേണ്ടതുമാണ്.
- **സാനിറ്ററി മാലിന്യം (Sanitary Waste):** ഉപയോഗിച്ച ഡയപ്പറുകൾ, സാനിറ്ററി ടവലുകൾ, കോണ്ടംസ് തുടങ്ങിയ സാനിറ്ററി മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ പൊതിഞ്ഞ്, ജൈവ-അജൈവ മാലിന്യങ്ങളുമായി കൂടി കലരാതെ സാനിറ്ററി മാലിന്യത്തിനായുള്ള പ്രത്യേക ബിന്നിൽ മാത്രം നിക്ഷേപിക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ചിട്ടുള്ള മാലിന്യ ശേഖരണക്കാർക്കോ/ഏജൻസിക്കോ കൈമാറേണ്ടതുമാണ് .
- **<u>പ്രത്യേക പരിചരണം ആവശ്യമുള്ള</u> മാലിന്യങ്ങൾ (Special Care Waste):** പെയിന്റ് പാട്ടകൾ, കീടനാശിനി കാനുകൾ, സി.എഫ്.എൽ (CFL) ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, തകർന്ന മെർക്കുറി തെർമോമീറ്ററുകൾ, ബാറ്ററികൾ, സൂചികൾ തുടങ്ങിയവ.

**ശേഖരണ സംവിധാനം:** നഗരസഭകൾ ഓരോ അഞ്ച് ചതുരശ്ര കിലോമീറ്റർ പരിധിയിലും പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾക്കായി 'ഡെപ്പോസിഷൻ സെന്ററുകൾ' സ്ഥാപിക്കണം.

**II. വൻതോതിൽ മാലിന്യം ഉല്പാദിപ്പിക്കുന്നവരുടെ ചുമതലകൾ (Duties of Bulk Waste Generator)**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ (Solid Waste Management Rules), 2026- പ്രകാരം ഒരു ദിവസം 100 കിലോഗ്രാം അല്ലെങ്കിൽ അതിൽ കൂടുതൽ ഖരമാലിന്യം ഉൽപ്പാദിപ്പിക്കുന്നതോ, അല്ലെങ്കിൽ 20,000 ചതുരശ്ര മീറ്റർ അല്ലെങ്കിൽ അതിൽ കൂടുതൽ നിർമാണ വിസ്തൃതിയുള്ളതോ, അല്ലെങ്കിൽ 40,000 ലിറ്റർ/ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ ജല ഉപഭോഗമുള്ളതോ ആയ ഏതൊരു സ്ഥാപനവും വൻതോതിൽ മാലിന്യം ഉല്പാദിപ്പിക്കുന്നവരായി ('ബൾക്ക് വേസ്റ്റ് ജനറേറ്റർ) ആയി പരിഗണിക്കപ്പെടുന്നു. ഈ ചട്ടങ്ങൾ പ്രകാരം, ഓരോ വൻതോതിൽലുള്ള മാലിന്യ ഉല്പാദകരും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്;

- **രജിസ്ട്രേഷൻ:** കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി അതത് തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ നിലനിൽക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കും. രജിസ്ട്രേഷൻ സമയത്ത് നൽകിയ വിവരങ്ങളിലോ നിർദ്ദേശിച്ച നിബന്ധനകളിലോ എന്തെങ്കിലും മാറ്റമുണ്ടായാൽ അത് തദ്ദേശ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.
- **മാലിന്യശേഖരണവും തരംതിരിക്കലും:** ജൈവമാലിന്യം, അജൈവമാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേകം പരിചരണം ആവശ്യമായ മാലിന്യം എന്നിവ ശേഖരിക്കണം.
- **നിലവിലെ വൻതോതിലുള്ള മാലിന്യ ഉത്പാദകരുടെ സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനം :** നിലവിലുള്ള വൻതോതിലുള്ള മാലിന്യ ഉത്പാദകർ സ്ഥാപനതലത്തിൽ തന്നെ ജൈവ മാലിന്യം സംസ്ക്കരിക്കാൻ ആവശ്യമായ സംവിധാങ്ങൾ ഒരുക്കേണ്ടതാണ്. ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കാത്ത പക്ഷം മാത്രം, അവർ ജൈവ മാലിന്യം തരംതിരിച്ചു അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന അംഗീകൃത ഏജൻസിയ്ക്കു കൈമാറേണ്ടതാണ്. കൂടാതെ, തങ്ങൾ ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന് തുല്യമായ അളവിലുള്ള 'എക്സ്റ്റെൻഡഡ് ബൾക്ക് വേസ്റ്റ് ജനറേറ്റർ റെസ്പോൺസിബിലിറ്റി' (EBWGR) സർട്ടിഫിക്കറ്റുകൾ അതത് തദ്ദേശ സ്ഥാപനത്തിൽ നിന്നും ഇവർ വാങ്ങേണ്ടതുണ്ട്.

- **പുതിയ BWG യൂണിറ്റുകൾ:** പുതിയതായി വരുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരും തങ്ങൾ ഉത്പാദിപ്പിക്കുന്ന മുഴുവൻ ജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനായി ആവശ്യമായ ശേഷിയുള്ള ജൈവമാലിന്യ സംസ്കരണസംവിധാനങ്ങൾ നിർബന്ധമായും സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും വേണം.
- **മറ്റു മാലിന്യങ്ങളുടെ കൈമാറ്റം:** അജൈവ മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിവ പ്രത്യേകം ശേഖരിച്ച് സൂക്ഷിക്കുകയും തദ്ദേശ സ്വയംഭരണ ചുമതലപ്പെടുത്തിയ മാലിന്യ ശേഖരണകാർക്കോ അല്ലെങ്കിൽ ഏജൻസിക്കോ കൈമാറുകയും ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന് തുല്യമായ അളവിലുള്ള 'എക്സ്റ്റെൻഡഡ് ബൾക്ക് വേസ്റ്റ് ജനറേറ്റർ റെസ്പോൺസിബിലിറ്റി' (EBWGR) സർട്ടിഫിക്കറ്റുകൾ തദ്ദേശ സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ടതുമാണ്.

- **വാർഷിക റിപ്പോർട്ട്:** എല്ലാ വർഷവും ജൂൺ 30-നകം ഓൺലൈൻ പോർട്ടൽവഴി വാർഷിക റിട്ടേണുകൾ സമർപ്പിക്കണം.

**മറ്റ് നിബന്ധനകൾ:**

o രജിസ്ട്രേഷൻ/ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങളുമായി യാതൊരു തരത്തിലുള്ള മാലിന്യക്കൈമാറ്റവും നടത്താൻ പാടില്ല.

o നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉടൻ നീക്കം ചെയ്യുകയും നിയമങ്ങൾക്കനുസൃതമായി കൈകാര്യം ചെയ്യുകയും വേണം.

o ബയോമെഡിക്കൽ മാലിന്യങ്ങൾ മറ്റ് ഖരമാലിന്യങ്ങളുമായി കലർത്താൻ പാടില്ല.

**III ചട്ടങ്ങൾ പ്രകാരം ഓരോ മാലിന്യ ഉൽപ്പാദകനും താഴെ പറയുന്നവ ചെയ്യേണ്ടതാണ്:**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ കുറഞ്ഞത് മൂന്ന് പ്രവൃത്തിദിവസം മുമ്പെങ്കിലും മുൻകൂട്ടി അറിയിക്കാതെ, ലൈസൻസില്ലാത്ത ഒരിടത്തും നൂറിലധികം ആളുകൾ പങ്കെടുക്കുന്ന ഒരു പരിപാടിയോ കൂട്ടായ്മയോ സംഘടിപ്പിക്കാൻ പാടില്ല. അത്തരം വ്യക്തിയോ സംഘാടകനോ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ തരംതിരിക്കുമെന്ന് ഉറപ്പാക്കുകയും, തരംതിരിച്ച മാലിന്യങ്ങൾ തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന ഏജൻസിക്കോ മാലിന്യ ശേഖരിക്കുന്നവർക്കോ കൈമാറുകയും വേണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഈ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ സംസ്കരിക്കേണ്ടതാണ്.

2. 5,000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ ഗേറ്റഡ് കമ്മ്യൂണിറ്റികളും സ്ഥാപനങ്ങളും, റെസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, മാർക്കറ്റ് അസോസിയേഷനുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർ ഈ ചട്ടങ്ങൾക്ക് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് മാലിന്യങ്ങൾ നാലായി (ജൈവം, അജൈവം, സാനിറ്ററി, പ്രത്യേക പരിചരണം മാലിന്യം) ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും തങ്ങളുടെ പരിധിയിലുണ്ടാകുന്ന ജൈവമാലിന്യങ്ങൾ സ്ഥാപനതലത്തിൽ തന്നെ സംസ്കരിക്കാനും കൂടാതെ, അജൈവ മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം തദ്ദേശസ്ഥാപനം അംഗീകരിച്ചിട്ടുള്ള മാലിന്യ ശേഖരണക്കാർക്കോ ഏജൻസിസികൾക്കോ കൈമാറേണ്ടതുമാണ് .

3. സ്വന്തം പരിസരത്തോ ഭൂമിയിലോ ഉണ്ടാകുന്ന ഹോർട്ടികൾച്ചർ മാലിന്യങ്ങൾ അല്ലെങ്കിൽ ഗാർഡൻ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതും തദ്ദേശ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം സംസ്കരിക്കേണ്ടതുമാണ്.

4. ഓരോ തെരുവ് കച്ചവടക്കാരനും തന്റെ കച്ചവടത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങൾ, ഡിസ്പോസിബിൾ പ്ലേറ്റുകൾ, കപ്പുകൾ, കാനുകൾ, കവറുകൾ, ചിരട്ടകൾ, പച്ചക്കറി-പഴ അവശിഷ്ടങ്ങൾ തുടങ്ങിയവ സൂക്ഷിക്കുന്നതിനായി അനുയോജ്യമായ കണ്ടയിനറുകൾ കരുതേണ്ടതാണ്. ഇത്തരം മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള കളക്ഷൻ സെന്ററുകളിലോ വാഹനങ്ങളിലോ നിക്ഷേപിക്കണം.

**IV. മലയോര മേഖലകളിലെയും ദ്വീപുകളിലെയും ഖരമാലിന്യ സംസ്കരണ മാനദണ്ഡങ്ങൾ**

മലയോര മേഖലകളിലും ദ്വീപുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ താഴെ പറയുന്നവയാണ്:

(i) സന്ദർശകരിൽ നിന്നോ വിനോദസഞ്ചാരികളിൽ നിന്നോ മാലിന്യ സംസ്കരണത്തിനായി ഫീസ് ഈടാക്കാം. മാലിന്യ സംസ്കരണ ശേഷിക്കനുസരിച്ച് സന്ദർശകരുടെ എണ്ണം നിയന്ത്രിക്കാം.
(ii) മലയോരങ്ങളിലും ദ്വീപുകളിലും ലാൻഡ്ഫില്ലുകൾ (മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ) ഒഴിവാക്കണം. അവശിഷ്ടങ്ങൾ ശേഖരിക്കാൻ ട്രാൻസ്ഫർ സ്റ്റേഷനുകൾ അല്ലെങ്കിൽ കണ്ടെയിനറുകൾ സ്ഥാപിക്കുകയോ , സമതല പ്രദേശങ്ങളിൽ 25 കിലോമീറ്ററിനുള്ളിൽ കണ്ടെത്തുന്ന ലാൻഡ്ഫില്ലുകളിലേക്ക് ഇവ മാറ്റുകയും വേണം.
(iii) അനുയോജ്യമായ സ്ഥലം ലഭ്യമല്ലെങ്കിൽ പ്രാദേശികമായ സംയുക്ത ലാൻഡ്ഫില്ലുകൾ (Regional Sanitary Landfill) സ്ഥാപിക്കാൻ ശ്രമിക്കണം.

(iv) തെരുവുകളിലും മലഞ്ചെരിവുകളിലും പ്ലാസ്റ്റിക് കുപ്പികൾ, മദ്യക്കുപ്പികൾ തുടങ്ങിയവ വലിച്ചെറിയുന്നത് നിരോധിച്ചുകൊണ്ട് ബൈ-ലോ (Bye-laws) തയ്യാറാക്കണം. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ മാത്രമേ മാലിന്യം നിക്ഷേപിക്കാൻ പാടുള്ളൂ.

(v) ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ, പ്രവേശന കവാടങ്ങൾ എന്നിവിടങ്ങളിൽ ബോർഡുകൾ സ്ഥാപിച്ച് വിനോദസഞ്ചാരികൾക്ക് മാലിന്യ സംസ്കരണ നിയമങ്ങളെക്കുറിച്ച് അവബോധം നൽകണം.

(vi) മാലിന്യ സംസ്കരണ സംവിധാനം സുസ്ഥിരമായി കൊണ്ടുപോകുന്നതിന് പ്രവേശന ഫീസ് ഈടാക്കാവുന്നതാണ്.

(vii) വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾക്കായി സ്ഥലം കണ്ടെത്തണം. മലഞ്ചെരിവുകളിൽ 'സ്റ്റെപ്പ് ഗാർഡൻ' (Step garden) മാതൃക സ്വീകരിക്കാവുന്നതാണ്.

(viii) ദ്വീപുകളിലെ ഗ്രാമങ്ങളിൽ അജൈവ മാലിന്യങ്ങൾ താൽക്കാലികമായി സംഭരിക്കാൻ പ്രത്യേക പോയിന്റുകൾ ഉണ്ടാകണം.

(ix) മത്സ്യത്തൊഴിലാളികളും ബോട്ടുടമകളും വിനോദസഞ്ചാര ഏജന്റുകളും കടലിലോ തീരത്തോ മാലിന്യം വലിച്ചെറിയാതെ തദ്ദേശ സ്ഥാപനങ്ങളെ ഏൽപ്പിക്കണം.

(x) ഹോട്ടലുകളും റെസ്റ്റോറന്റുകളും വികേന്ദ്രീകൃത രീതിയിൽ മാലിന്യം സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

## V. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ (Solid Waste Management Rules), 2026-ലെ എട്ടാം ചട്ട പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്:

### V.1 മാലിന്യശേഖരണവും തരംതിരിക്കലും

**ഉറവിടത്തിൽ തരംതിരിക്കൽ:** വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം ജൈവം, അജൈവം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിങ്ങനെ നാലായി തരംതിരിച്ച് ശേഖരിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇവ തമ്മിൽ കലരുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.

പൊതുസ്ഥലങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിനായി പച്ച (ജൈവമാലിന്യം), നീല (അജൈവ മാലിന്യം), ചുവപ്പ് (സാനിറ്ററി മാലിന്യം) എന്ന രീതിയിൽ ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്. പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ഡിപ്പോസിഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.

**വാതിൽപ്പടി ശേഖരണം:** എല്ലാ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

**അനൗദ്യോഗിക മാലിന്യ ശേഖരണക്കാർ/ആക്രി ശേഖരിക്കുന്നവർ :** അനൗദ്യോഗിക മാലിന്യ ശേഖരണക്കാർ/ആക്രി ശേഖരിക്കുന്നവർ എന്നിവരുടെ സേവനം മാലിന്യശേഖരണത്തിനായി ഉപയോഗപ്പെടുത്തുകയും അവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകുകയും വേണം.

**തരംതിരിച്ചുള്ള ശേഖരണം:** ജൈവമാലിന്യം, അജൈവമാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യം എന്നിവ വെവ്വേറെ ശേഖരിക്കണം.

**സംസ്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കൽ :** ശേഖരിക്കുന്ന മാലിന്യം കൃത്യമായി രജിസ്റ്റർ ചെയ്ത സംസ്കരണ പ്ലാന്റുകളിലേക്കോ (Processing Facilities) മെറ്റീരിയൽ കളക്ഷൻ/റിക്കവറി ഫെസിലിറ്റികളിലേക്കോ (MCF/MRF) തന്നെ കൈമാറണം.

**V.2. അടിസ്ഥാന സൗകര്യ വികസനം**

**എം.സി.എഫ് (MCF) & ആർ.ആർ.എഫ് (RRF):** അജൈവ മാലിന്യങ്ങൾ തരംതിരിക്കാനും സൂക്ഷിക്കാനുമുള്ള മെറ്റീരിയൽ കളക്ഷൻ സൗകര്യങ്ങളും (MCF), റിസോഴ്സ് റിക്കവറി സൗകര്യങ്ങളും (RRF) സ്ഥാപിക്കണം.

**സംസ്കരണ പ്ലാന്റുകൾ:** ജൈവമാലിന്യങ്ങൾ ഉറവിടത്തിലോ കമ്മ്യൂണിറ്റി തലത്തിലോ സംസ്കരിക്കാൻ എയറോബിക് ബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായവ പ്രോത്സാഹിപ്പിക്കണം.

**V.3. ഭരണപരമായ ചുമതലകൾ**

**ബൈലോ (Bye-law) രൂപീകരണം:** ഖരമാലിന്യ പരിപാലനത്തിനായി ചട്ടങ്ങൾക്കനുസൃതമായ ഉപനിയമാവലികൾ (By-laws) അംഗീകരിക്കുകയും നടപ്പിലാക്കുകയും വേണം. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ബൈ-ലോകളിൽ (By-laws) നിയമലംഘനങ്ങൾക്കെതിരെയുള്ള ഉചിതമായ പിഴ ശിക്ഷകളെക്കുറിച്ചുള്ള വ്യവസ്ഥകളും വിജ്ഞാപനം ചെയ്യേണ്ടതാണ്.

**യൂസർ ഫീ:** മാലിന്യശേഖരണത്തിന് നിശ്ചയിച്ചിട്ടുള്ള യൂസർ ഫീ കൃത്യമായി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പാക്കണം.

**ആക്ഷൻ പ്ലാൻ തയ്യാറാക്കൽ:** എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള പെർഫോമ അനുസരിച്ച് ഖരമാലിന്യ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. സംസ്ഥാന നയം (State Policy and Strategy) പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ (അതായത് 2027 സെപ്റ്റംബർ

30-നകം) താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി തയ്യാറാക്കണം:

i. നഗരസഭയുടെയോ പഞ്ചായത്തിന്റെയോ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവ് (വാർഡ് തിരിച്ചുള്ള കണക്കുകൾ സഹിതം).

ii. അടുത്ത അഞ്ച് വർഷത്തേക്ക് ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യത്തിന്റെ അളവ്.

iii. തരംതിരിച്ച മാലിന്യത്തിന്റെ വാർഡ് തിരിച്ചുള്ള മാലിന്യ ശേഖരണവും അവ നീക്കം ചെയ്യുന്നതിനുള്ള പ്ലാനും.

iv. ഖരമാലിന്യ സംസ്കരണത്തിന് ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വാർഡ് തിരിച്ചുള്ള മാപ്പിംഗ്.

v. ചന്തകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ പൊതുസേവന കേന്ദ്രങ്ങളുടെ വാർഡ് തിരിച്ചുള്ള മാപ്പിംഗ്.

vi. 2016-ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം, തങ്ങളുടെ പരിസരത്തുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ അംഗീകൃത സംസ്കരണ കേന്ദ്രങ്ങൾക്ക് കൈമാറാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളെയും അവിടെ ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിനെയും കുറിച്ചുള്ള മാപ്പിംഗ്.

vii. മാലിന്യം കുന്നുകൂടിക്കിടക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ നിന്നും (Garbage vulnerable points) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന ഹോട്ട്സ്പോട്ടുകളിൽ നിന്നും അവ ശേഖരിക്കാനും നീക്കം ചെയ്യാനുമുള്ള പ്ലാൻ.

viii. ജലാശയങ്ങളിലേക്ക് മാലിന്യം കലരുന്ന പോയിന്റുകളുടെ മാപ്പിംഗും, ബാരിയറുകൾ (Barriers) സ്ഥാപിച്ച് ഇത് തടയാനുള്ള പദ്ധതിയും.

ix. ഉപരിതല ജലാശയങ്ങളിൽ നിന്നും ഓടകളിൽ നിന്നും ഒഴുകിനടക്കുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഷെഡ്യൂൾ.

x. റോഡുകൾ തൂത്തുവൃത്തിയാക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് ബിന്നുകൾ സ്ഥാപിക്കുന്നതിനുമുള്ള സമയക്രമം.

xi. പൊതുസ്ഥലങ്ങളിലോ സ്വകാര്യ ഉടമസ്ഥതയിലോ ഉള്ളതും (റെയിൽവേ ഭൂമിയും മറ്റ് പൊതു അധികാരികളുടെ കീഴിലുള്ള ഭൂമിയും ഉൾപ്പെടെ) മാലിന്യം തള്ളാൻ സാധ്യതയുള്ളതുമായ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗ്.

xii. സാനിറ്ററി പാഡുകൾ, ഡയപ്പറുകൾ തുടങ്ങിയ സാനിറ്ററി മാലിന്യങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇൻസിനറേറ്ററുകൾ വഴിയോ, ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

വഴിയോ, അംഗീകൃത റീസൈക്ലിംഗ് സാങ്കേതികവിദ്യകൾ വഴിയോ പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കാനുള്ള പദ്ധതി.

xiii. പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ (Special care waste) ശേഖരിക്കാനും പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കാനുമുള്ള പ്ലാൻ.

xiv. എല്ലാത്തരം മാലിന്യങ്ങളുടെയും ശേഖരണം, ഗതാഗതം, തരംതിരിക്കൽ, സംഭരണം എന്നിവയ്ക്കായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, റീസൈക്ലിംഗിനായുള്ള തയ്യാറെടുപ്പുകൾ, മാലിന്യങ്ങൾ സാനിറ്ററി ലാൻഡ്ഫില്ലുകളിൽ സുരക്ഷിതമായി നിക്ഷേപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ.

**V.4 രജിസ്ട്രേഷനും പോർട്ടൽ ഉപയോഗവും**

**കേന്ദ്രീകൃത പോർട്ടൽ:** എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഏജൻസികളും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യണം.

**സർട്ടിഫിക്കറ്റ് നൽകൽ:** ചട്ടം 39 ലെ, ഉപചട്ടം 38 പ്രകാരം ബൾക്ക് വേസ്റ്റ് ജനറേറ്റർമാർക്ക് (വൻ തോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർ ) ആവശ്യമായ Extended Bulk Waste Generator Responsibility സർട്ടിഫിക്കറ്റുകൾ പോർട്ടൽ വഴി നൽകണം. ജൈവമാലിന്യങ്ങൾ അംഗീകൃത പ്ലാന്റുകളിൽ സംസ്കരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷമേ ഇത് നൽകാവൂ.

ഒരു വർഷം നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് 3 വർഷത്തെ കാലാവധി ഉണ്ടായിരിക്കും. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ ബൾക്ക് വേസ്റ്റ് ജനറേറ്റർമാരിൽ നിന്ന് ഫീസ് ഈടാക്കേണ്ടതാണ്. ഖരമാലിന്യ പരിപാലനത്തിന്റെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമുള്ള ചെലവ് കണക്കിലെടുത്ത് നഗരസഭകൾ EBWGR സർട്ടിഫിക്കറ്റിനുള്ള നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. ഈ തുക ബൾക്ക് വേസ്റ്റ് ജനറേറ്റർമാരിൽ നിന്നാണ് ഈടാക്കേണ്ടത്. ഈ തുക മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഉപയോഗിക്കാവുന്നതാണ് .

മാലിന്യം ഏറ്റുവാങ്ങിയ അംഗീകൃത സംസ്കരണ പ്ലാന്റുകളോ പ്രോസസിംഗ് യൂണിറ്റുകളോ തങ്ങൾക്ക് ലഭിച്ചതും സംസ്കരിച്ചതുമായ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ചതിന് ശേഷം മാത്രമേ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആ മാലിന്യത്തിന്മേലുള്ള EBWGR സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കുകയുള്ളൂ.

**VI. ഗതാഗത സംവിധാനങ്ങൾ**

**ശേഖരണത്തിന് പ്രത്യേക സംവിധാനങ്ങൾ :** മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജൈവ-അജൈവ-മാലിന്യങ്ങൾക്കായി പ്രത്യേക അറകൾ

(ശേഖരണ സംവിധാനങ്ങൾ) ഉണ്ടായിരിക്കണം. സാനിറ്ററി മാലിന്യങ്ങൾക്കും മറ്റും പ്രത്യേക ക്രമീകരണം വേണം.

**മാലിന്യം പുറത്തേക്ക് വീഴുന്നത് ഒഴിവാക്കൽ:** യാത്രയ്ക്കിടയിൽ മാലിന്യം പുറത്തേക്ക് തെറിക്കുകയോ ഒലിച്ചിറങ്ങുകയോ (Spilling/Leaking) ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**ഡിജിറ്റൽ ട്രാക്കിംഗ്**: മാലിന്യശേഖരണ വാഹനങ്ങളിൽ നിർബന്ധമായും ജി.പി.എസ് (Tracking Devices) ഘടിപ്പിച്ചിരിക്കണം. മാലിന്യശേഖരണവും നീക്കവും നിരീക്ഷിക്കുന്നതിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പോലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കണം. അഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഭകൾ ഐ.ടി അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനമുള്ള കൺട്രോൾ റൂമുകൾ സ്ഥാപിക്കണം.

**ചുമതലപ്പെടുത്തുന്ന ഏജൻസികൾ :** തദ്ദേശ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയതും, മാലിന്യ ശേഖരണം, തരംതിരിക്കൽ, ഗതാഗതം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതുമായ ഓരോ ഏജൻസിയും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്

**VII. റിപ്പോർട്ടിംഗും സുതാര്യതയും**

**റിട്ടേണുകൾ സമർപ്പിക്കൽ:** ശേഖരിച്ച മാലിന്യത്തിന്റെ അളവ്, അത് നൽകിയ പ്ലാന്റുകളുടെ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി എല്ലാ മൂന്ന് മാസം കൂടുമ്പോഴും (Quarterly) വർഷാവസാനവും (Annual) കൃത്യമായ റിപ്പോർട്ടുകൾ സമർപ്പിക്കണം.

ഓരോ വർഷവും ജൂൺ 30 നകം കഴിഞ്ഞ സാമ്പത്തിക വർഷത്തെ മാലിന്യ സംസ്കരണ റിപ്പോർട്ടുകൾ ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കണം.

**പൊതുവിവരങ്ങൾ:** ഈ വിവരങ്ങൾ വെബ്സൈറ്റിലൂടെയോ മറ്റോ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

**VII. തൊഴിലാളികളുടെ സുരക്ഷ**

സുരക്ഷാ ഉപകരണങ്ങൾ: മാലിന്യശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ (PPE Kits) നൽകുകയും അവർക്ക് കൃത്യമായ പരിശീലനം ഉറപ്പാക്കുകയും വേണം.

**IX. ബോധവൽക്കരണം**

പൊതുജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നിരന്തരമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

**X. നിയമലംഘനങ്ങളും പിഴയും**

*"മലിനീകരിക്കുന്നവർ നഷ്ടപരിഹാരം നൽകണം"* (Polluter Pays Principle) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മാലിന്യം ഉറവിടത്തിൽ വേർതിരിക്കാതിരിക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുക, മാലിന്യം കത്തിക്കുക, അനധികൃതമായി മാലിന്യം നിക്ഷേപിക്കുകയോ സംസ്കരിക്കുകയോ ചെയ്യുക, തെറ്റായ വിവരങ്ങൾ നൽകുക തുടങ്ങിയ ലംഘനങ്ങൾക്ക് **Environmental Compensation (പരിസ്ഥിതി നഷ്ടപരിഹാര പിഴ)** ഈടാക്കാൻ വ്യവസ്ഥയുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ, ബൾക്ക് വേസ്റ്റ് ജനറേറ്റർമാർ, മാലിന്യ സംസ്കരണ ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ പങ്കാളികളും ചട്ടങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ, കേന്ദ്ര ഓൺലൈൻ പോർട്ടൽ, തത്സമയ ഡാറ്റ റിപ്പോർട്ടിംഗ്, ഡിജിറ്റൽ നിരീക്ഷണം എന്നിവയിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിയമലംഘനങ്ങൾ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**നഗരസഭകളുടെ ചുമതലകൾ (Duties of Urban Local Bodies)**

മേല്പറഞ്ഞവ കൂടാതെ നഗരസഭകൾ താഴെപറയുന്ന നിബന്ധനകളും പാലിക്കേണ്ടതാണ്

a. 2027 മാർച്ച് 31-നകം ഈ ചട്ടങ്ങൾ ഉൾപ്പെടുത്തി സ്വന്തമായി ബൈ-ലോ (By-laws) തയ്യാറാക്കണം.
a. 2027 സെപ്റ്റംബർ 30 നകം 'സിറ്റി സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ' ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.
b. ഓരോ വർഷവും ജൂൺ 30-നകം മുൻവർഷത്തെ മാലിന്യത്തിന്റെ (ലെഗസി മാലിന്യം ഉൾപ്പെടെയുള്ള) അളവ് വിലയിരുത്തുകയും ഭാവിയിൽ ഉണ്ടാകാവുന്ന മാലിന്യത്തിന്റെ അളവ് കണക്കാക്കുകയും വേണം.
c. മാലിന്യ സംസ്കരണത്തിനായി ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം.
d. ഓരോ നഗരസഭയും മാലിന്യ സംസ്കരണത്തിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കണം.
e. റോഡ് തൂത്തുവാരിക്കുമ്പോഴുള്ള ഇലകളും മറ്റും കത്തിക്കാൻ പാടില്ലെന്ന് ജീവനക്കാർക്ക് നിർദ്ദേശം നൽകണം.
f. എല്ലാ വർഷവും ഏപ്രിൽ 1-നകം ബൾക്ക് വേസ്റ്റ് ജനറേറ്റർമാരുടെ പട്ടിക പുതുക്കണം.
g. എല്ലാ ബൾക്ക് വേസ്റ്റ് ജനറേറ്റർമാരെയും ജിയോ-ടാഗ് (Geo-tag) ചെയ്യണം.

h. എല്ലാ നഗരസഭകളും മേല്പറഞ്ഞ കാര്യങ്ങൾ താഴെ പറയുന്ന സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്

| **ജനസംഖ്യ** | **സമയ പരിധി** |
|---|---|
| പത്തു ലക്ഷത്തിനു മുകളിൽ ജനസംഖ്യ ഉള്ള നഗരങ്ങൾ | 30-09-2027 |
| 5 ലക്ഷം മുതൽ 10 ലക്ഷം വരെ | 31-03-2028 |
| എല്ലാ നഗരസഭകളും | 31-03-2029 |

**ഗ്രാമപ്രദേശങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ (Duties of Rural Local Bodies)**

എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്തുകളും മേല്പറഞ്ഞ കാര്യങ്ങൾ താഴെ പറയുന്ന സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്

| **ജനസംഖ്യ** | **സമയ പരിധി** |
|---|---|
| 20,000 വും അതിൽ കൂടുതലും ജനസംഖ്യ ഉള്ള പഞ്ചായത്തുകൾ | 30-09-2027 |
| 10,000 മുതൽ 20,000 വരെ ജനസംഖ്യ ഉള്ളവ | 31-03-2028 |
| 10,000 വരെ ജനസംഖ്യ ഉള്ളവ | 31-03-2029 |

**XI. മറ്റ് പ്രധാന നിർദ്ദേശങ്ങൾ**

- **പരിപാടികൾ:** നൂറിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികൾക്ക് മൂന്ന് ദിവസം മുമ്പ് തദ്ദേശ സ്ഥാപനത്തെ അറിയിക്കണം.
- **സെൻട്രൽ കൺട്രോൾ റൂമുകൾ:** അഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഭകൾ മാലിന്യ ശേഖരണ വാഹനങ്ങളെ ട്രാക്ക് ചെയ്യാൻ കൺട്രോൾ റൂമുകൾ സ്ഥാപിക്കണം.
- **ഹില്ലി & ഐലൻഡ് ഏരിയകൾ:** വിനോദസഞ്ചാരികൾ മാലിന്യം വലിച്ചെറിയുന്നത് തടയാൻ കർശന നിയമങ്ങൾ കൊണ്ടുവരണം. എൻട്രി പോയിന്റുകളിൽ ഫീസ് ഈടാക്കാവുന്നതാണ്.

- **വിദ്യാഭ്യാസം:** ഖരമാലിന്യ പരിപാലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- **ഡംപ്സൈറ്റുകൾ:** നിലവിലുള്ള എല്ലാ മാലിന്യക്കൂമ്പാരങ്ങളും (Dumpsites) 2026 ഒക്ടോബർ 31-നകം മാപ്പ് ചെയ്യുകയും അവ ബയോ-മൈനിംഗ് വഴി നീക്കം ചെയ്യുകയും വേണം.

**പ്രധാന സമയപരിധികൾ (Timelines)**

- **30 സെപ്റ്റംബർ 2026:** ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം സജ്ജമാകണം.
- **31 ഒക്ടോബർ 2026:** മാലിന്യക്കൂമ്പാരങ്ങളുടെ മാപ്പിംഗ് പൂർത്തിയാക്കണം.
- **28 ജനുവരി 2027:** പരാതി പരിഹാര സംവിധാനം നിലവിൽ വരണം.
- **31 മാർച്ച് 2027:** നഗരസഭകൾ പുതിയ ബൈലോകൾ അംഗീകരിക്കണം.
- **30 സെപ്റ്റംബർ 2027:** തദ്ദേശ സ്ഥാപനങ്ങൾ ആക്ഷൻ പ്ലാൻ സമർപ്പിക്കണം.

മാലിന്യ പരിപാലന കേന്ദ്രങ്ങളുടെ ഓപ്പറേറ്റർമാർ എല്ലാ വർഷവും ജൂൺ 30-നകം വാർഷിക റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.